പോകണേ! അവരെ സർക്കാർഹോസ്പിറ്റലിൽ ചേർക്കണേ. അല്ലെങ്കിൽ അവരും നശിച്ചുപോകും.'

ഹരിരാമന്റെ രണ്ടാനമ്മ കേസരീബായി പിന്നിൽനിന്നു വന്നു. അവൾ അട്ടഹസിച്ചു: 'എന്താ ചെക്കാ, പുലമ്പുന്നത്? ഓട്!' കേസരി ബായി ഒരു കമ്പെടുത്ത് ഹരിരാമനെ അടിക്കാൻ ചെന്നു. ചുററും നിന്ന വർ ഇടപെട്ടു. ഹരിരാം തൽക്കാലം രക്ഷപ്പെട്ടു.

'വിപ്ലവത്തിന്റെ വിത്തു വിതയ്ക്കപ്പെട്ടിരിക്കുന്നു,' ലേഖിക എഴുതുകയാണ്: 'വിപ്ലവം ഉണ്ടാവും. പക്ഷേ, എപ്പോൾ?'

അതെ, എപ്പോൾ?

8 ഫെബ്രുവരി, 1984

# 36. അടിമ–മൈനർ–വ്യഭിചാരവ്യവസായം

അടിമവേലയെപ്പററി നിങ്ങൾ കേട്ടിരിക്കും. പ്രായപൂർത്തിയാകാത്ത കുട്ടികളെ നിയമവിരുദ്ധമായി നിർബന്ധിച്ചു പണിയെടുപ്പിക്കുന്നതിനെക്കുറിച്ചും കേട്ടിട്ടുണ്ടാവും. എന്നാൽ, പ്രായപൂർത്തിവരാത്ത പെൺകുട്ടികളെ വിലയ്ക്കു വാങ്ങി അടിമകളാക്കി ജീവപര്യന്തം നിർബന്ധിച്ച് വ്യഭിചാരവേലയെടുപ്പിക്കുന്നതിനെപ്പററി നിങ്ങൾ കേട്ടിരിക്കുകയില്ല. ഇതു നടക്കുന്നത് ബോംബെപോലെയുള്ള സ്വാതന്ത്ര്യേന്ത്യയിലെ മഹാനഗരങ്ങളിലാണെന്നും, സർക്കാരിന്റെ, പ്രത്യേകിച്ച് പോലീസ് വകുപ്പിന്റെ, അറിവും സമ്മതവും, ഒരുപക്ഷേ, പ്രോത്സാഹനവും ഈ വ്യവസായത്തിനു് ഉണ്ടെന്നും കൂടി മനസ്സിലാക്കുമ്പോൾ നിങ്ങളിൽ ഉളവാകുന്ന വികാരം എന്തായിരിക്കും?

ബോംബെയിലെ ഒരു പത്രലേഖിക ആയ ഷീല ബാർസ് ഈ പ്രശ്നം ആഴത്തിൽ പഠിച്ചു. ബോംബെയിലെ അടിമ—വേശ്യാ—വ്യവസായത്തിൽ മഹാരാഷ്ട്രം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടകം എന്നീ സ്റ്റേററ് ഗവണ്മെൻറുകൾക്കും ഈ ഗവണ്മെൻറുകളുടെ പോലീസ് വകുപ്പുകൾക്കും പങ്കാളിത്തമുണ്ടെന്നു് ആരോപിച്ച്, ഈ ഗവണ്മെൻറുകൾക്കും അവരുടെ പോലീസ് വകുപ്പുകൾക്കും എതിരെ, സുപ്രീംകോടതിയിൽ ഒരു കേസ് കൊടുക്കുകയുംചെയ്തു. ഈ കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ മുമ്പിലുണ്ട്. ഷീല ബാർസ് കോടതിയുടെ മുമ്പാകെ സമർപ്പിച്ച വിവരങ്ങളാണ് ഇവിടെ സംക്ഷേപിച്ചു ചേർക്കുന്നത്.

കോളേജ് വിദ്യാർത്ഥിനികൾ, സ്കൂൾ വിദ്യാർത്ഥിനികൾ, കെട്ടിടം പണിയിലും മററും ഏർപ്പെട്ട സ്ത്രീത്തൊഴിലാളികൾ, ദരിദ്രഗ്രാമീണരുടെ പെൺകുട്ടികൾ ഇവർക്കു് മയക്കമരുന്നു നല്കപ്പെടുന്നു. എന്നിട്ട് അവരെ തട്ടിക്കൊണ്ടുവന്നു് ബോംബെയിലെ മനുഷ്യച്ചന്തയിൽ ആയിരം രൂപമുതൽ അയ്യായിരം രൂപവരെ വിലയ്ക്കു വില്ക്കുന്നു. ഈ മനുഷ്യജീവികളെ വിലകൊടുത്തു വാങ്ങിയവർ അവരെ കൊണ്ടുവന്നു പാർപ്പിക്കുന്നതു് മുപ്പതുലക്ഷംമുതൽ അമ്പതുലക്ഷംവരെ രൂപ വിലവരുന്ന വലിയ കെട്ടിടങ്ങളിലെ ചെറിയ മുറികളിലാണ്. ഈ മുറികളിൽ കക്കൂസുകൾ അടുക്കളയായി ഉപയോഗിക്കപ്പെടുന്നു. കർശനമായ മേൽനോട്ടത്തിൻ കീഴിൽ പേടിച്ചു വിറച്ചാണ് ഈ മുറികളിൽ സ്ത്രീകളും കുട്ടികളും കഴിഞ്ഞുകൂടുന്നതു്. ദിവസത്തിൽ രണ്ടു തവണ അവരെ കക്കൂസുകളിലേക്കു് അയയ്ക്കും. അപ്പോഴും, അവർ പരസ്പരം സംസാരിക്കുന്നതു് തടയാൻ, കൂടെ മേൽനോട്ടക്കാരുണ്ടാകും. ഇവരുടെ ജോലി വ്യഭിചാരമാണ്. അതു ചെയ്യാൻ അവർ

മടിച്ചാൽ ചമ്മട്ടിയടിയും മററു ശിക്ഷകളും അവരുടെ മേൽ വർഷിക്കപ്പെടും. കീഴടങ്ങുകയും പറഞ്ഞ പണി ചെയ്യുകയുമല്ലാതെ അവർക്ക ഗത്യന്തരമില്ല. അവരുടെ 'നിത്യസമ്പാദ്യം' അവരെ വിലയ്ക്കുവാങ്ങി പുലത്തുന്നവർ നേരിട്ട വസൂലാക്കുന്നു.

ഈ അടിമവേശ്യകൾക്ക കാവൽനില്ക്കുന്നതും അവരെക്കൊണ്ട് വ്യഭിചാരവേല ചെയ്യിക്കുന്നതും നപുംസകങ്ങളാണ്. ഇവരിൽ ചിലർ ജന്മനാ നപുംസകങ്ങളായിരുന്നു. മററു ചിലരെ ശസ്ത്രക്രിയചെയ്ത് നപുംസകങ്ങളാക്കിയതാണ്. വിലയ്ക്കു വാങ്ങിയ അടിമപ്പെൺകുട്ടികളെ മാത്രമല്ല, അവർക്ക പിറക്കുന്ന കുട്ടികളെയും ഈ നപുംസകങ്ങൾ വളർത്തി വേശ്യാവൃത്തിയിലേപ്പെടുത്തുന്നു. പിറക്കുന്നതു് ആൺകുട്ടികൾ ആണെങ്കിലോ? അപ്പോൾ അവരെ പെൺകുട്ടികളുടെ ഉടുപ്പുകൾ ധരിപ്പിച്ച് വളർത്തുന്നു. തങ്ങൾ പെണ്ണുങ്ങളാണെന്ന ധാരണ ഈ ആൺകുട്ടികളിൽ കുത്തിവയ്ക്കുന്നു. അവരെ പ്രകൃതിവിരുദ്ധസംഭോഗത്തിന് ഉപയോഗിക്കുന്നു. പിന്നീട് അവരെ മദ്രാസിലോ ബോംബെയിലോ അയച്ച്, ശസ്ത്രക്രിയ നടത്തി നപുംസകങ്ങളാക്കുന്നു. ഇങ്ങനെ ശസ്ത്രക്രിയ നടത്തുന്നതു് ചിലപ്പോൾ നപുംസകങ്ങൾതന്നെയാണ്; പലപ്പോഴും സാധാരണ ഡോക്ടർമാരുമാണ്. ഈ ഡോക്ടർമാർ ആരെല്ലാമാണെന്ന് ചൂണ്ടിക്കാണിക്കാൻ തനിക്ക കഴിയുമെന്നും, എന്നാൽ, നപുംസകങ്ങൾ ഈ ശസ്ത്രക്രിയ എവിടെവെച്ച നടത്തുന്നു എന്നു കണ്ടുപിടിക്കേണ്ടതു് പോലീസ് ആണെന്നും ഷീല ബാർസ് സുപ്രീംകോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ബോംബെയിലെ വ്യഭിചാരശാലകളിൽ ചിലതു് മുനിസിപ്പാലിററി വക ഭൂമിയിൽ നിയമവിരുദ്ധമായി കയ്യേറി പണിതുയർത്തിയ കെട്ടിടങ്ങളിലാണു നടക്കുന്നതു്. മഞ്ജ്‌രേകർ റോഡിലുള്ള വ്യഭിചാരശാലകൾ ഉദാഹരണം. 1976–ൽ ബോംബെ മുനിസിപ്പൽ കോർപ്പറേഷൻ ഈ കയ്യേററക്കാർക്ക് 'പട്ടയം' കൊടുത്തു. മുലുന്ദ്–ഗോറെഗാവ് ലിങ്ക് റോഡിലുള്ള വ്യഭിചാരശാലകൾക്ക് തൊട്ട കെട്ടിടത്തിൽ പോലീസുകാർ പാർക്കുന്നു.

ഈ വ്യഭിചാരശാലകൾ പ്രവർത്തിക്കുന്നതു പോലീസുകാരുടെ കൺവെട്ടത്തിലാണെന്നും, എന്നാൽ, അവയുടെ പ്രവർത്തനത്തിൽ പോലീസുകാർ ഒരിക്കലും ഇടപെടുന്നില്ലെന്നും ഷീല ബാർസ് സുപ്രീം കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്. വ്യഭിചാരശാലകൾ നടത്തുന്നവരുമായി പോലീസുകാർ സഖ്യത്തിലാണ്. അവരുടെ പണം പോലീസ് വാങ്ങുന്നു. ഇഷ്ടംപോലെ ഈ വ്യഭിചാരശാലകളിൽ ചെന്ന് കാശു കൊടുക്കാതെ പോലീസുകാർ വ്യഭിചരിക്കുകയുംചെയ്യുന്നു. 'വ്യഭിചാരശാലകളുടെ നടത്തിപ്പിൽ പോലീസ് സഹായിക്കുകയും പ്രോത്സാഹനം നൽകുകയുംചെയ്യുന്നു' എന്ന് ഷീല ബാർസ് കോടതിയിൽ ബോധിപ്പിച്ചിരിക്കുന്നു.

വളരെയധികം ആപത്തുകളെ അഭിമുഖീകരിച്ചാണ് ഷീല ബാർസ് ഈ പ്രശ്നം പഠിച്ചതു്. അതിനുശേഷം ഈ പത്രലേഖിക ആ പ്രദേശത്തെ പോലീസ് ഡെപ്യൂട്ടി കമ്മീഷണറെയും പോലീസ് കമ്മീഷണറെയും മഹാരാഷ്ട്രസ്റ്റേററിലെ പോലീസ് ഡയറക്ടർ ജനറലിനെയും സമീപിച്ചു. ഒരു ഫലവും ഉണ്ടായില്ല. അവർ അനങ്ങിയില്ല.

പക്ഷേ, ഇടയ്ക്കിടയ്ക്കു ചില വ്യഭിചാരശാലകളിൽ പോലീസ് പരിശോധന നടത്താറുണ്ട്. അപ്പോൾ എന്തു സംഭവിക്കുന്നു? 1982–ൽ 'പാണ്ഡു മഹാരാജ് ചൗൾ' എന്ന സ്ഥലത്തു് ഒരു കെട്ടിടത്തിന്റെ മുറിയിൽ എട്ടു പെൺകുട്ടികളെ പൂട്ടിയിട്ടിരുന്നു. ഇവരിൽ ഒരു കുട്ടി പതിനേഴു വയസ്സായ ഒരു കോളേജ് വിദ്യാർത്ഥിനിയായിരുന്നു. അവൾ തങ്ങളുടെ സ്ഥിതി വിവരിച്ച് ഒരു കത്തെഴുതി ജനലിലൂടെ പുറത്തേക്കെറിഞ്ഞു.

ഈ കത്തു് ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കൈയിലെത്തി. തുടർന്നു് ഈ മുറി പോലീസ് പരിശോധിച്ചു. രണ്ടു വർഷം കഴിഞ്ഞു്, 1984–ലെ ഫെബ്രുവരിയിലാണു് കുററവാളികൾക്കു് ചാർജ്ജ്ഷീററ് നൽകിയതു്. അതും ഷീല ബാർസ് സുപ്രീംകോടതിയിൽ പരാതി കൊടുത്തു് രണ്ടാഴ്ചയ്ക്കുശേഷം.

1982–ൽ പാണ്ഡുമഹാരാജ് ചൗളിൽനിന്നു് പോലീസുകാർ 'രക്ഷപ്പെടുത്തിയ' 'കേർക്ക അയ്യന്ന' എന്ന പെൺകുട്ടിക്കു് പിന്നീടു് എന്തു പററി എന്നു് ഷീല ബാർസ് വിവരിക്കുന്നുണ്ടു്. അവളെ ഒരു സംരക്ഷണ മന്ദിരത്തിലേക്കു് (റെസ്ക്യൂ ഷെൽട്ടറിലേക്കു്) പോലീസ് കൊണ്ടുപോയി. തന്റെ അച്ഛനും സഹോദരിയും ഒരു ബാങ്കിൽ ജോലിക്കാരാണെന്നും, അമ്മ മരിച്ചുപോയി എന്നും, അവിടെവെച്ചു പോലീസുകാർക്കു് കേർക്ക മൊഴികൊടുത്തു.

പക്ഷേ, മൂന്നു മാസം കഴിഞ്ഞു് അതേ പോലീസുകാർ അവളുടെ അമ്മയെന്നു പറഞ്ഞു് ഒരു സ്ത്രീയെ സംരക്ഷണമന്ദിരത്തിൽ കൂട്ടിക്കൊണ്ടുവന്നു. ഈ 'അമ്മ'യെ കണ്ടപ്പോൾ ആ പെൺകുട്ടി പേടിച്ചു വിറച്ചു. ഫലമെന്തു്? സംരക്ഷണമന്ദിരത്തിന്റെ സൂപ്രണ്ടു് അവളെ ഈ സ്ത്രീയുടെ കൈയിൽ ഏല്പിച്ചുകൊടുത്തു. ആരായിരുന്നു ഈ 'അമ്മ'? അവളെ കണ്ടപ്പോൾ കേർക്ക എന്തിനു പേടിച്ചു വിറച്ചു? എന്തിനു് സൂപ്രണ്ടു് ആ പെൺകുട്ടിയെ ഈ സ്ത്രീയുടെ കൂടെ അയച്ചു? അവസാനം ഈ പെൺകുട്ടിക്കു് എന്തു പററി? ഈ ചോദ്യങ്ങൾക്കു് ഉത്തരം കാണേണ്ടതു് കോടതിയാണെന്നു് ഷീല ബാർസ് കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ടു്.

ഷീല ബാർസ് ഈ 'അമ്മ'യെ കണ്ടുപിടിച്ചു. അവളുടെ വിലാസം ആന്ധ്രാപ്രദേശിലെ പോലീസ് അഡീഷണൽ ഇൻസ്പെക്ടർ ജനറലിനു് അയച്ചുകൊടുത്തു. കാരണം, 'അമ്മ' പാർക്കുന്നതു് ആന്ധ്രാപ്രദേശിലാണു്. പക്ഷേ, പോലീസ് എന്തു നടപടി എടുത്തുവെന്നു് ഷീല ബാർസിനെ അറിയിക്കുകയുണ്ടായില്ല.

ബോംബെയിലെ വ്യഭിചാരശാലകൾ പരിശോധിച്ചു് പോലീസ് 'മോചിപ്പിക്കുന്ന' പെൺകുട്ടികളെ തിരികെ അവരുടെ രക്ഷാകർത്താക്കളെ ഏത്തിച്ചുകൊടുക്കേണ്ടതു് 'ജൂവനൈൽ എയ്ഡ് പോലീസ് യൂണിററി'ലെ വനിതാപ്പോലീസുകാരാണു്. തങ്ങൾ വീട്ടിൽ കൊണ്ടുവിട്ടതായി അവകാശപ്പെടുന്ന പെൺകുട്ടികളുടെ ഗ്രാമങ്ങളുടെ പേരുകൾപോലും ഈ പോലീസുകാർക്കു് അറിയില്ലെന്നു് ഷീല ബാർസ് പറയുന്നു.

ആ ഗ്രാമങ്ങൾ ഏതു ജില്ലയിലാണെന്നുപോലും പോലീസുകാർക്കു് അറിഞ്ഞുകൂടാ. ഈ പെൺകുട്ടികളെ ആർക്കു് ഏല്പിച്ചുകൊടുത്തു എന്നതു സംബന്ധിച്ചു് ഒരു രേഖയുമില്ല. സൗകര്യമുള്ള ഏതെങ്കിലും തീവണ്ടിസ്റ്റേഷനിൽ ഈ പെൺകുട്ടികളെ വിട്ടുപോരികയാണു് പോലീസ് ചെയ്യുന്നതെന്നു് ഷീല ബാർസ് പറയുന്നു. പിന്നീടു് അവർക്കു് എന്തു പററുന്നു എന്നു് ഊഹിക്കാവുന്നതേയുള്ളു. മിക്കപ്പോഴും പോലീസ് ഈ പെൺകുട്ടികളെ തിരികെ വ്യഭിചാരശാലാധികൃതർക്കുതന്നെ നേരിട്ടു് ഏല്പിച്ചുകൊടുക്കുന്നു. ഇതിനുള്ള നിയമാനുസൃതമാർഗം എന്തെന്നല്ലേ? പോലീസ് പരിശോധനയിൽ കണ്ടെടുത്ത പെൺകുട്ടികളെ, അവർക്കു് ഇരുപത്തൊന്നു വയസ്സു തികഞ്ഞിട്ടുണ്ടെങ്കിൽ, ജാമ്യത്തിൽ വിടാമെന്നു് നിയമമുണ്ടു്. പെൺകുട്ടികൾക്കു് ഇരുപത്തൊന്നു വയസ്സു തികഞ്ഞു എന്ന മെഡിക്കൽ സർട്ടിഫിക്കററും ജാമ്യത്തുകയും വ്യഭിചാരശാലാധികൃതർ തന്നെ ഹാജരാക്കും. വയസ്സു ശരിയാണോ എന്നു് ഇന്നോളം പോലീസോ, മജിസ്ട്രേട്ടോ പരിശോധിച്ചിട്ടില്ല. പോലീസ് പെൺകുട്ടികളെ ജാമ്യത്തിൽ വിട്ടയയ്ക്കും. ജാമ്യത്തിലെടുക്കുന്ന വ്യഭിചാരശാലാധികൃതരുടെ കൂടെ പോകാൻ വിസമ്മതിക്കുന്ന പെൺകുട്ടികളെപ്പോലും പോലീ

സ് നിർബന്ധിച്ച് അയയ്ക്കുകയാണ പതിവെന്ന് ഷീല ബാർസ് കോടതിയിൽ ബോധിപ്പിച്ചിരിക്കുന്നു.

പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ വ്യഭിചാരത്തിനു നിയോഗിക്കുന്നത് ഇന്ത്യൻ പീനൽ കോഡിന്റെ 366—എ വകുപ്പ് പ്രകാരം പത്തു കൊല്ലം തടവുശിക്ഷ വിധിക്കാവുന്ന കുറ്റമാണ്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ സമ്മതത്തോടുകൂടിയോ അല്ലാതെയോ അവളുമായി സംഭോഗം നടത്തുന്നത് 'ബലാത്സംഗം' ആകുന്നു. ഇതൊക്കെ ആരു് അറിയുന്നു? 'ഇന്ത്യൻ പീനൽകോഡ് അനുസരിച്ച് ഒരൊററ വ്യഭിചാരശാലാധികൃതരേയും ഇന്നോളം ശിക്ഷിച്ചിട്ടില്ല' എന്ന് ഷീല ബാർസ് പറയുന്നു.

വ്യഭിചാരശാലയിൽനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെട്ട ഒരു പെൺകുട്ടി പോലീസിനെ സമീപിച്ചാൽ, അവളുടെ മൊഴി പോലീസ് രേഖപ്പെടുത്താറില്ല. ഒന്നുകിൽ അവളെ വ്യഭിചാരശാലയിലേക്കു തിരികെ അയയ്ക്കും. അല്ലെങ്കിൽ 'സംരക്ഷണമന്ദിര'ത്തിൽ അടച്ചിടും. ഈ മന്ദിരങ്ങളുടെ കഥയോ? അവയിലും അവരുടെ മൊഴി രേഖപ്പെടുത്തുകയില്ല. ഇവിടെവെച്ച് മർദനത്തിനു വിധേയരായവർ കുറവല്ല. ബോംബെനഗരത്തിലെ 'സംരക്ഷണമന്ദിര'ത്തിൽ 1981 മുതൽ മിക്കപ്പോഴും ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിട്ടില്ല. താൻ അവിടെ ചെല്ലുമ്പോഴൊക്കെ, ഒന്നുകിൽ സൂപ്രണ്ട് അവിടെ ഇല്ലാതിരിക്കുകയോ, അല്ലെങ്കിൽ അവിടത്തെ റിക്കാർഡുകൾ സൂക്ഷിച്ച അലമാരയുടെ താക്കോൽ കാണാതിരിക്കുകയോ ആണ് ഉണ്ടായിട്ടുള്ളതെന്ന് ഷീല ബാർസ് പറയുന്നു. 1981—മുതൽ ഇവിടെ പ്രൊബേഷൻ ഓഫീസ്സറോ കെയ്സ് വർക്കറോ ഇല്ല. കേസ് ഫയലുകൾ എഴുതുന്നത് ഒരു നേഴ്സാണ്. 1983 വരെ ഇവിടെയുണ്ടായിരുന്ന നേഴ്സിനു് അക്ഷരങ്ങൾ ശരിക്ക് എഴുതാൻതന്നെ അറിഞ്ഞുകൂടായിരുന്നു. ഇവർ എഴുതിയ രേഖകൾ എങ്ങനെയിരിക്കുമെന്നു പറയേണ്ടതില്ലല്ലോ?

'സംരക്ഷണാലയ'ത്തിൽ എത്തിപ്പെടുന്ന പെൺകുട്ടികളെ കൊണ്ടുപോയി തൊഴിൽ പരിശീലനം നൽകുന്ന ഒരു സ്വകാര്യസ്ഥാപനമുണ്ട്. ഏതാനും മാസം പരിശീലനം കൊടുത്തശേഷം ഈ സ്ഥാപനം ഇവരെ ആർക്കെങ്കിലും കല്യാണംകഴിച്ചുകൊടുക്കുന്നു. വരന്മാരുടെ മുൻ ചരിത്രമൊന്നും വിവാഹത്തിനു മുമ്പു നോക്കാറില്ല. അവർ ആരായാലെന്ത്? ആർക്കു ചേതം?

ഷീല ബാർസ് സുപ്രീംകോടതിയെ സമീപിച്ചതിനെ തുടർന്ന്, മഹാരാഷ്ട്രം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടകം എന്നീ സ്റ്റേററുകളിലെ പോലീസിനോട് ഏപ്രിൽ 3—നു മുമ്പ് പ്രസക്തവിവരങ്ങൾ അറിയിക്കണമെന്ന് സുപ്രീംകോടതി ആജ്ഞാപിച്ചു. പോലീസുകാർ അനങ്ങിയില്ല. മഹാരാഷ്ട്രാഗവണ്മെൻറിന്റെ വക്കീലും കോടതിയിൽ ഹാജരായില്ല. സ്വന്തം കൈയിൽനിന്നു പണം ചെലവിട്ട് ഷീല ബാർസ്മാത്രം ബോംബെയിൽനിന്ന് ഡൽഹിയിലെത്തി കോടതിയിൽ ഹാജരായി. പോലീസ് രേഖകൾ വന്നശേഷം ബാക്കിനടപടികൾ തുടരാമെന്ന് കോടതി തീരുമാനിച്ചു. ഏതാനും മിനിററുകൾക്കകം കേസ് വിചാരണ അവസാനിച്ചു. ഇതിനിടെ, ബോംബെയിലെ വ്യഭിചാരശാലാ നടത്തിപ്പുകാരിൽ പ്രമാണിയായ ഒരു നപുംസകം ഷീല ബാർസിനെതിരെ മാനനഷ്ടക്കേസ്കൊടുക്കുമെന്ന ഭീഷണി ഉയർത്തിയിട്ടുമുണ്ട്.

'കാര്യങ്ങൾ അങ്ങനെയൊക്കെയേ നടക്കൂ. നമുക്കെന്തുചെയ്യാൻ കഴിയും? എന്നാണോ നിങ്ങളുടെ പ്രതികരണം? എങ്കിൽ, ഞാനിതെഴുതാൻ മിനക്കെട്ടതു വെറുതേ'! ഷീല ബാർസിന്റെ ധീരശ്രമത്തെപ്പററി പറയേണ്ടതുമില്ല!

18 ഏപ്രിൽ, 1984.